# മഹത്വത്തിന്റെ രാജാവ്

## സങ്കീർത്തനം 24:7

“വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളെ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.”

യേശുക്രിസ്തുവിനെ ഒരു പരമാധികാരിയായും, മഹത്വത്തിന്റെ രാജാവുമായും പ്രവചനദൃഷ്ടിയിൽ കണ്ടുകൊണ്ട് ദാവീദ് എഴുതിയ ഒരു മശിഹൈക ഗീതമാണ് സങ്കീർത്തനം 24. യഹൂദന്മാരുടെ ഇടയിൽ ഈ സങ്കീർത്തനത്തിന് വളരെയേറെ പ്രധാന്യം നൽകപ്പെട്ടിട്ടുണ്ട്. കാരണം ആഴ്ചയിലെ ഓരോ ദിവസവും അവർ ഓരോ സങ്കീർത്തനങ്ങൾ തിരഞ്ഞെടുത്ത് പാടാറുണ്ട്. അതിൽ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതായത് ഞായറാഴ്ചകളിൽ പാടാൻ തിരഞ്ഞെടുത്തിരിക്കുന്നതത്രേ സങ്കീർത്തനം 24. യേശു കർത്താവ് കഴുതപ്പുറത്തു കയറി യേരുശലേമിലേക്ക് പോകുംവേളയിൽ ഇരുവശത്തും കൂടിനിന്നവർ ഈ സങ്കീർത്തനം ആയിരുന്നു പാടിയത് എന്നു വിശ്വസിക്കപ്പെടുന്നു. യെഹൂദന്മാർ അവരുടെ പുതിയ വർഷം ആരംഭിക്കുമ്പോൾ പാടുന്ന ഒരു സങ്കീർത്തനം കൂടിയാണിത്.

യഹോവയുടെ പർവ്വതത്തിൽ കയറാനും അവന്റെ വിശുദ്ധസ്ഥലത്തു നിൽക്കാനും വേണ്ട യോഗ്യതയെക്കുറിച്ചാണ് ആദ്യ വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിൽ വാതിലുകളോടും, പണ്ടേയുള്ള കതകുകളോടും തലകളെ ഉയർത്തുവാനും, ഉയർന്നിരിപ്പാനും ആഹ്വാനം ചെയ്യുന്നു. കാരണം അതിലൂടെയാണ് മഹത്വത്തിന്റെ രാജാവായ യഹോവ പ്രവേശിക്കുന്നത്. പ്രിയരേ നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ; പാരമ്പര്യവും, പിന്നെ രക്ഷിക്കപ്പെട്ടതിന്റെ നീണ്ട കണക്കും പറഞ്ഞുകൊണ്ടിരിക്കുന്ന പണ്ടേയുള്ള ചില കതകുകളുണ്ടല്ലോ അത് നാം മഹത്വത്തിന്റെ രജാവിന്റെ പ്രവേശനത്തിനായി ഉയർത്തേണ്ടിയിരിക്കുന്നു എന്നു മനസ്സിലാക്കാം. എപ്പോഴാണ് അവസാനമായി യേശുകർത്താവിന്റെ മഹത്വം നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടത് എന്ന് നാം ഓരോരുത്തരും വിലയിരുത്തേണ്ടിയിരിക്കുന്നു. നാം നമ്മുടെ ജീവിതത്തിൽ അവസരം നൽകുന്നു എങ്കിൽ മാത്രമേ കർത്താവിന്റെ മഹത്വം നമ്മുടെ ജീവിതത്തിൽ വെളിപ്പെടുകയുള്ളൂ എന്ന കാര്യം മറക്കാതെയിരിക്കുക. സന്തോഷഭവനമായ കാനാവിലെ കല്ല്യാണവീട്ടിലും, ദു:ഖഭവനമായ ബഥാന്യയിലെ ലാസറിന്റെ വീട്ടിലും, ദൈവപുത്രനായ യേശുകർത്താവ് മഹത്വപ്പെട്ടതുപോലെ നാം ഏതു സാഹചര്യങ്ങളിൽ കൂടി കടന്നു പോകുന്നവരായാലും; അടഞ്ഞു കിടന്നിരുന്ന കതകുകളെ തുറന്ന് നമ്മുടെ

ജീവിതത്തിലേക്ക് നാം പ്രവേശിപ്പിച്ചിരിക്കുന്ന മഹത്വത്തിന്റെ രജാവ് തന്റെ മഹത്വം നമ്മിലും വെളിപ്പെടുത്തുക തന്നെ ചെയ്യും.

ലാസറിനു വന്ന രോഗം യേശുകർത്താവിന്റെ മഹത്വം വെളിപ്പെടുന്നതിന്നു കാരണമായി. പത്രോസിന്റെ മരണം എങ്ങനെ ആയിരിക്കും എന്ന് യേശു തിബര്യാസ് കടൽക്കരയിൽ വെച്ച് പ്രവചിച്ച് പറയുന്നുണ്ട്. അത് കേട്ട ശിഷ്യന്മാർ പത്രോസ് ഇന്നവിധം മരണം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് വിശ്വസിച്ചു. അങ്ങനെയെങ്കിൽ മുമ്പിൽ സന്തോഷമായാലും, സന്താപമായാലും, രോഗമുണ്ടായാലും, സൗഖ്യമുണ്ടായാലും, മരണമായാലും, മരണത്തിൽ നിന്നുള്ള നീക്കുപോക്കുണ്ടായാലും, കർത്താവിന്റെ മഹത്വം വെളിപ്പെടുന്നതിന് ഇതൊന്നും നമ്മുടെ ജീവിതത്തിൽ ഒരു തടസ്സമാകുന്നില്ല. നമുക്കുണ്ടായിരിക്കേണ്ടുന്ന ഏകപ്രത്യാശ നമ്മെ നിത്യമായി മഹത്വത്തിലേക്ക് ചേർക്കുന്നതിനായി ബലവാനും വീരനുമായി യുദ്ധവീരനായിത്തന്നെ, മഹത്വത്തിന്റെ രാജാവായ യേശുകർത്താവ് ഈ ഭൂമിയിൽ വെളിപ്പെടുവാൻ പോകുന്ന ദിവസത്തോട് നാം അടുത്തുകൊണ്ടിരിക്കുകയാണ് എന്നതാണ്. നാം അന്ന് മഹത്വത്തിലേക്ക് യേശുകർത്താവോടൊപ്പം നിത്യമായി പ്രവേശിക്കണമെങ്കിൽ, ഇന്ന് നാം അവനെ മഹത്വത്തിന്റെ രാജാവായി നമ്മുടെ ജീവിതത്തിൽ പ്രവേശിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ വാതിലുകളെ അതിനായി തുറക്കുക. നമ്മെ നിയന്ത്രിക്കുവാനും അവന്റെ മഹത്വം നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളിലും വെളിപ്പെടുവാനുമായി മഹത്വത്തിന്റെ രാജാവായി അവൻ നമ്മിലേക്ക് പ്രവേശിക്കട്ടെ. മണ്മറഞ്ഞ സിദ്ധരും, ജീവനോടിരിക്കും ശുദ്ധരും, വിണ്ണിൽ കാഹളം ധ്വനിക്കുമ്പോൾ, മണ്ണിൽ നിന്നും വാനിൽ പോകും. അതിനായി നമുക്ക് പ്രത്യാശിക്കാം, ഒരുക്കത്തോടെ കാത്തിരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

സങ്കീർത്തനം 24:10

മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു.

## ബ്രദർ. ബിനു ബേബി ആലപ്പുഴ 163